LIBRARY ARCHIVES Kerala Legislative Assembly

## സംസ്ഥാനത്തിന്റെ ധനകമ്മി

194 (540) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ധനക്കമ്മി സംബന്ധിച്ച് കഴിഞ്ഞ അഞ്ചു വർഷത്തെ കണക്ക് ലഭ്യമാക്കാമോ ;

(ബി) 2014 മാർച്ച് 31-ൽ ധനക്കമ്മി എത്രയായിരുന്നുവെന്നും 2015 മാർച്ച് 31-ൽ അവസാനിക്കുന്ന സാമ്പത്തിക വർഷത്തിൽ ധനക്കമ്മി എത്രയായിരിക്കും എന്നാണ് കണക്കാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) ഈ ധനക്കമ്മി മറികടക്കുവാൻ കേന്ദ്രത്തിൽനിന്നും എന്തെല്ലാം ധനകാര്യ സഹായങ്ങൾ ആണ് സംസ്ഥാന സർക്കാർ പ്രതീക്ഷിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) 2014 മാർച്ച് 31-ലെ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നു ; വിശദമാക്കാമോ ;

(ഇ) 2014-15 സാമ്പത്തിക വർഷത്തിൽ നാളിതുവരെ ഓരോ വകുപ്പിനും പ്രത്യേക ഹെഡുകളിലായി ചെലവഴിച്ച തുകയുടെ വിശദാംശവും പൊതുകടത്തിലേക്കുള്ള പലിശയിനത്തിൽ തിരിച്ചടച്ചതുൾപ്പെടെയുള്ള തുകയുടെ വിശദാംശവും ലഭ്യമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ ധനകമ്മി സംബന്ധിച്ച് കഴിഞ്ഞ അഞ്ച് വർഷത്തെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

| വർഷം | 2009-10 | 2010-11 | 2011-12 | 2012-13 | 2013-14 |
|---|---|---|---|---|---|
| ധനകമ്മി | 7872 | 7730 | 12815 | 15002 | 16944 |

(ബി) 2014 മാർച്ച് 31-ൽ ധനകമ്മി 16944 കോടി രൂപയായിരുന്നു. ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുസരിച്ച് 2014-15 സാമ്പത്തിക വർഷത്തിലെ ധനകമ്മി 14398 കോടി രൂപയായിട്ടാണ് കണക്കാക്കിയിട്ടുള്ളത്.

(സി) കൺസോളിഡേറ്റ് ചെയ്ത കേന്ദ്ര വായ്പായിനത്തിൽ ബാക്കി നിൽക്കുന്ന തുക എഴുതി തള്ളാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 14-ാം ധനകാര്യ കമ്മീഷൻ 2015-16, 2016-17, 2017-18 വർഷങ്ങളിൽ സംസ്ഥാനത്തിന് Revenue Deficit Grant ആയി ശിപാർശ ചെയ്ത യഥാക്രമം 4640, 3350, 1529 കോടി രൂപയും പ്രതീക്ഷിക്കുന്നു.

(ഡി) 31-1-2014-ൽ സംസ്ഥാനത്തിന്റെ പൊതുകടം 119009.07 കോടി രൂപയായിരുന്നു.

(ഇ) 2014-15 സാമ്പത്തിക വർഷത്തിൽ 31-1-2015 വരെ വിവിധ മേഖലകളിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* 31-12-2014 വരെ ലഭ്യമായ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കനുസരിച്ച് 2014-15 സാമ്പത്തിക വർഷത്തിൽ പലിശയിനത്തിൽ 5687.50 കോടി രൂപ തിരിച്ചടച്ചിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

195 (541) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുസാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ പ്രതീക്ഷിത നികുതി വരുമാനം എത്രയായിരുന്നു ;

(ബി) നികുതി വരുമാനത്തിന്റെ ലക്ഷ്യം കൈവരിക്കാൻ കഴിയുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) പദ്ധതിച്ചെലവിനത്തിൽ നടപ്പുസാമ്പത്തിക വർഷം ലക്ഷ്യം കൈവരിക്കാൻ കഴിയുമോ ?

ഉത്തരം

(എ) കേന്ദ്ര നികുതിയിൽ സംസ്ഥാനത്തിന് ലഭിക്കേണ്ടുന്ന വിഹിതം ഉൾപ്പെടെ ആകെ 51832.85 കോടി രൂപയാണ് 2014-15 ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രതീക്ഷിത നികുതി വരുമാനം.

(ബി) 2014-15-ലെ കേന്ദ്ര സർക്കാരിന്റെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാന സർക്കാരിനു ലഭിക്കേണ്ടുന്ന കേന്ദ്ര നികുതി വിഹിതത്തിൽ കുറവുണ്ടാകുമെന്നു കാണുന്നു. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly